(എ) കെ.ടി.ഡി.സി.യിലെ വർഷങ്ങളോളമായി സ്ഥിരമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുമോ;

(ബി) കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നത് എന്ന് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഒന്നിലധികം കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുകൾ അനുസരിച്ചു മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) അത്തരത്തിൽ ഒരു തീരുമാനം കഴിഞ്ഞ സർക്കാർ എടുത്തതായി അറിവില്ല.

ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ

290 (4577) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി. മുഖേന റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികൾക്കായി ഇതേവരെ അനുവദിച്ചിട്ടുള്ളത് എത്ര തുക വീതമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുകയുപയോഗിച്ച് ഓരോ ടൂറിസം പദ്ധതിയിലും എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഓരോ പദ്ധതിക്കും എത്ര വീതം തുകയായിരുന്നു മാറ്റിവെച്ചിരുന്നത്; ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഇനിയും ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(സി) ഓരോ ടൂറിസം പദ്ധതിയുടെയും പൂർത്തീകരണത്തിനായി എത്ര വീതം തുകകളാണ് ഇനി വേണ്ടത് ; ഇതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ 97,12,800 രൂപയും, രണ്ടാം ഘട്ടത്തിനായി 75,85,000 രൂപയും, മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണച്ചുമതല സിഡ്കോയ്ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെരുന്തേനരുവിയിൽ കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ടോയ്‌ലറ്റ്, റസ്റ്റോറന്റ് തുടങ്ങിയവ ഉൾപ്പെടുന്ന ഒരു വൻപദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നത്. പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടത്തിലായി 4 കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്, പാർക്കിംഗ്, സ്നാക്ക്സ്ബാർ, പവലിയൻ, ലാന്റ് സ്കേപ്പിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് 19-8-2014-ൽ പെരുന്തേനരുവിയിൽ വിളിച്ച ചേർത്ത യോഗത്തിൽ അനുവദിച്ച തുകയിൽ നിലിവിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മണിയാർ ടൂറിസം പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. മണിയാർ ടൂറിസം പദ്ധതിയിൽ ഒന്നാം ഘട്ടമായി പാർക്കിന്റെ നവീകരണം, ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെട്ടിരുന്നു. ഇതിൽ വൈദ്യുത-ജല സംവിധാനങ്ങൾ പെയിന്റിംഗ് എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്.

പദ്ധതി പ്രദേശത്തെ പാറ പൊട്ടിച്ച് നീക്കം ചെയ്യാനുള്ള അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടതിനാലാണ് പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) പെരുന്തേനരുവി, മണിയാർ ടൂറിസം പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതികളുടെ അടുത്ത ഘട്ടം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ എംപാനൽഡ് ഏജൻസിയായ കുമാർ ഗ്രൂപ്പ്, കൊച്ചി; പി. സി. റഷീദ് അസോസിയേറ്റ്, കോഴിക്കോട് എന്നിവരെ യഥാക്രമം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടി.ആർ.കെ.എൽ.-ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച ഹോട്ടലുകളുടെ പ്രവർത്തനം

291 (4578) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.യുടെ ഉപകമ്പനിയായിരുന്ന ടി.ആർ.കെ.എൽ.-ഉം ടാറ്റാ ഗ്രൂപ്പും സംയുക്ത സംരംഭത്തിലാരംഭിച്ച സംസ്ഥാനത്തെ ഹോട്ടലുകൾ ഏതൊക്കെയാണ്, എന്തെല്ലാം വ്യവസ്ഥകളോടുകൂടിയാണ് അവ സ്ഥാപിക്കപ്പെട്ടത്, അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly